പാലക്കാട് ജില്ലയിൽ അംഗപരിമിതർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം

199 (6904) ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്വഴി നടക്കുന്ന നിയമനങ്ങളിൽ അംഗപരിമിതർക്ക് അർഹതപ്പെട്ട മൂന്നു ശതമാനം നിയമനം നൽകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അംഗപരിമിതർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള സ്പെഷ്യൽ റിക്രൂട്ട്മെന്റ് ഏതെല്ലാം ജില്ലകളിൽ നടന്നിട്ടുണ്ട് ; എത്രപേരെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി കഴിഞ്ഞ 5 വർഷത്തിനുള്ളിൽ നിയമിച്ചിട്ടുണ്ട് ;

(സി) പാലക്കാട് ജില്ലയിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി ഓരോ വർഷവും നിയമിച്ചിട്ടുള്ളവരുടെ വിശദവിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾവഴി മൂന്നുശതമാനം സംവരണം ഇപ്പോൾ നിലവിലില്ല.

(ബി&സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

കൊയിലാണ്ടി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള താല്ക്കാലിക ജോലി ലഭ്യത

200 (6905) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്ത് തൊഴിലിനായി കാത്തിരിക്കുന്നവരുടെ എണ്ണം എത്രയുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ ;

(ബി) രജിസ്റ്റർ ചെയ്ത് 10 വർഷവും അതിൽ കൂടുതലും പിന്നിട്ട് ഒരു ജോലിയും ലഭിക്കാത്തവർ എത്ര യുണ്ട് എന്നത് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ ; ഈ വിഭാഗത്തിന് താൽക്കാലികമായി തൊഴിൽ നൽകാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ ;

(സി) 2006-11 കാലയളവിൽ സർക്കാർ ഓരോ വർഷവും എത്രപേർക്ക് താൽക്കാലികമായി ജോലി നൽകി എന്നും കൊയിലാണ്ടി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്ന് എത്ര പേർക്ക് നൽകിയിട്ടുണ്ടായിരുന്നു എന്നും വ്യക്തമാക്കാമോ ;

(ഡി) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ ഓരോ വർഷവും എത്രപേർക്ക് താൽക്കാലികമായി ജോലി നൽകി എന്നത് വ്യക്തമാക്കാമോ ; കൊയിലാണ്ടി എക്സ്ചേഞ്ചിൽനിന്നും എത്ര പേർക്ക് നൽകി എന്നും വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly